# രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂൾ

## നൂൽപ്പുഴ

## വാർഷികാസൂത്രണം 2025-26

# ആമുഖം

പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏറ്റവും വലിയ മോഡൽ റസിഡൻഷ്യൽ സ്കൂളാണ് രാജീവ്ഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ. പ്രാക്തന ഗോത്ര വിഭാഗമായ കാട്ടുനായ്ക്ക സമുദായത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു സ്ഥാപനമാണിത്. ഒന്നാം ക്ലാസ്സ് മുതൽ ഹയർസെക്കൻററി വരെയുള്ള വിദ്യാർത്ഥികൾക്കുവേണ്ട എല്ലാവിധ സൗകര്യങ്ങളും ഇവിടെയുണ്ട്. ബത്തേരി -മൈസൂർ ദേശീയ പാതയ്ക്കരുകിൽ, ബത്തേരിയിൽ നിന്നും 10 കി.മി അകലെയാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. 1991 ൽ നായ്ക്കട്ടിയിൽ എൽ.പി.സ്കൂളായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് മുത്തങ്ങയിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി.

1999 ൽ കല്ലൂർ 67 ൽ ഇന്നു കാണുന്ന കെട്ടിട സമുച്ചയത്തിലേക്ക് വിദ്യാലയം മാറ്റി. വിപുലമായ ഹോസ്റ്റൽ സൗകര്യങ്ങളും ഹൈസ്കൂൾ -ഹയർ സെക്കന്ററി ബ്ലോക്കുകളും ഇവിടെയുണ്ട്. 2008 ൽ ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചും 2015 ൽ ഹ്യുമാനിറ്റീസ് ബാച്ചും ആരംഭിച്ചു. 2001 ൽആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് പുറത്തിറങ്ങി. എസ്.എസ്.എൽ.സി.ക്ക് തുടർച്ചയായി നൂറുശതമാനം വിജയംകൈവരിക്കാറുണ്ട്.

ഒരു ഗോത്ര വിദ്യാലയം എന്ന നിലയിൽ ഇവിടെ നടത്തേണ്ട അക്കാദമിക പ്രവർത്തനങ്ങൾക്ക് സവിശേഷമായ ശ്രദ്ധയും ദീർഘവീക്ഷണവും ആവശ്യമാണ്. കളിക്കളം,ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവയിൽ പരിമിതി അനുഭവിക്കുന്നുണ്ട്. എന്നിരുന്നാലും അക്കാദമികമായ മുന്നേറ്റത്തിന് തടസ്സം ഉണ്ടായിട്ടില്ല. ഭൗതികവും സാമൂഹ്യവുമായിട്ടുള്ള പദ്ധതികൾ ഇനിയും ചേർക്കപ്പെടേണ്ടതുണ്ട്. അധ്യാപകരുടെയും ജീവനക്കാരുടെയും രക്ഷിതാക്കളുടെയും തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെയും സഹകരണത്തോടെ ഈ മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കാൻ കഴിയുമെന്ന് ഉറപ്പുണ്ട്. വിദ്യാർഥികളുടെ സമഗ്രപുരോഗതിയിലേക്കുള്ള വഴിയായി ഈ പദ്ധതി മാറട്ടെ.

# വിദ്യാലയ ചരിത്രം

കേരള-കർണാടക അതിർത്തി ഗ്രാമമായ നൂൽപ്പുഴ-കല്ലൂർ 766 എൻ എച്ചിനോട് ചേർന്ന് പച്ചവിരിച്ച വനമേഖലയോട് ചേർന്ന് ഈ ഗോത്ര പാഠശാല സ്ഥിതി ചെയ്യുന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്നാണ് ഞങ്ങളുടെ ഈ വിദ്യാലയം. ആദിവാസി വിഭാഗങ്ങളിൽ ഏറെ പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്ര വിഭാഗമായ കാട്ടുനായ്ക്കരുടെ വിദ്യാഭ്യാസ പുരോഗതിയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം. 1991 ൽ നായ്ക്കട്ടിയിൽ ഏകാധ്യാപകവിദ്യാലയമായി ആരംഭിച്ച രാജീവ്ഗാന്ധി സ്കൂൾ 1992 ൽ മുത്തങ്ങ യിലേക്കും 1998 മുതൽ കല്ലൂരിലേക്കും പ്രവർത്തനം മാറ്റി. ഒന്നുമുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിലെ കുട്ടികൾ ഇവിടെ താമസിച്ച് അധ്യയനം നടത്തുന്നു. വയനാട് ജില്ലയിലെ വിവിധ വനമേഖലകളിലാണ് ഞങ്ങളുടെ കുട്ടികളുടെ ഉന്നതികൾ.കാടറിയുന്ന ഞങ്ങളുടെ കുട്ടികൾക്ക് വീടാണ് ഈ പാഠശാല.

അക്കാദമികരംഗത്ത് മികവ് പുലർത്താൻ എക്കാലവും ശ്രമിക്കുന്നുണ്ട്. എസ്.എസ്.എൽ.സി.ക്ക് എട്ടുതവണ നൂറുശതമാനവും മറ്റ് വർഷങ്ങളിൽ 90 ശതമാന ത്തിന് മുകളിലും വിജയം കരസ്ഥമാക്കിയിട്ടുണ്ട്. 2012 പ്ലസ്ടുവിന് ജില്ലയിൽ നൂറ് ശതമാനം വിജയം നേടിയ എകവിദ്യാലയമാണ് ഞങ്ങളുടേത് . വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്ര ക്ലബ്, ഹരിത ക്ലബ്, മലയാളവേദി, സൗഹൃദ ക്ലബ്, പരിസ്തിഥി ക്ലബ്, ഐടി ക്ലബ് തുടങ്ങി പത്തോളം ക്ലബുകളുടെ നേതൃത്വത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. എൻ എസ് എസ് യൂണിറ്റ്, സ്റ്റുഡന്റ് പോലീസ് യൂണിറ്റ്, തുടങ്ങിയവ വിദ്യാലയത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 2010 ൽ ജില്ലയിലെ ഏറ്റവും നല്ല സ്കൂൾ വെബ്സൈറ്റിനുള്ള അവാർഡ് മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിൽ നിന്ന് ഞങ്ങൾ ഏറ്റുവാങ്ങി. അക്കാഡമിക് പ്രവർത്തനങ്ങളോടൊപ്പം തന്നെ തനതായ ഭാഷയും സംസ്കാരവും വിസ്മരിക്കുന്നില്ല. കർണ്ണാടകയിലെ ജേനു കുറുമ്പരുടെയും തമിഴ്നാട്ടിലെ കാടുകുറുമ്പരുടെയും കൈവഴിയാണ് കാട്ടുനായ്ക്ക സമുദായം. പ്രാകൃത കന്നടയ്ക്ക് മേൽക്കയ്യുള്ള നായ്ക്ക ഭാഷയാണ് (നായ്ക്ക മാത്ത്) മാതൃഭാഷ, എന്നിരുന്നാലും മലയാളത്തിന്റെ കൈത്താങ്ങിലൂടെ അറിവിന്റെ പടവുകൾ കയറുകയാണ്. ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇവിടെ നടത്തുന്നുണ്ട്. ഗോത്ര ഗാനങ്ങളടങ്ങിയ 'തേൻതുടി' വീഡിയോ ആൽബവും 'നങ്കപദന' ഓഡിയോ ആൽബവും ' നെസറ് ' ത്രൈമാസികയും ഇതിന്റെ ഭാഗമാണ്.

കവയിത്രി സുഗതകുമാരി, കഥാകൃത്ത് സക്കറിയ, നിരൂപകൻ വി.രാജകൃഷ്ണൻ തുടങ്ങിയ എഴുത്തുകാർ നിരവധി തവണ ഈ ഗോത്രപാഠശാലയിൽ എത്തിയിട്ടുണ്ട്. വിശാലമായ ശാസ്ത്രബോധിനി ലാബുകൾ, സ്മാർട്ട് ക്ലാസ് റൂം, കംപ്യൂട്ടർ ലാബ്, ലൈബ്രറി സ്റ്റേജ് സൗകര്യങ്ങളും വിദ്യാലയത്തിലുണ്ട്. ഓഡിറ്റോറിയവും കായിക പരിശീലനത്തിന് ആവശ്യമായ മൈതാനവും ഇല്ലാത്തത് വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് തടസമായി നിൽക്കുന്നുണ്ട്. സ്കൂൾ, ഹോസ്റ്റൽ കെട്ടിടങ്ങളുടെ കുറവ് പരിഹരിക്കേണ്ടതുണ്ട്. ഈ വിദ്യാലയത്തിൽ അധ്യാപകരും ഹോസ്റ്റൽ ജീവനക്കാരുമുൾപ്പടെ അമ്പതിൽ പരം ജീവനക്കാരാണുള്ളത്. ബിന്ദു രാജ് ബി ഹെഡ്മിസ്ട്രസും ദിലീപ് കുമാർ കെ സീനിയർ സൂപ്രണ്ടും, പി ഉണ്ണികൃഷ്ണൻ പ്രിൻസിപ്പാൾ ആയും പ്രവർത്തിക്കുന്നു.

| | |
|---|---|
| ആകെ കുട്ടികളുടെ എണ്ണം | - 362 |
| ആൺകുട്ടികൾ | - 186 |
| പെൺകുട്ടികൾ | - 176 |
| അധ്യാപകർ | - 24 |
| പ്രിൻസിപ്പാൾ | - പി ഉണ്ണികൃഷ്ണൻ |
| പ്രധാനാധ്യാപിക | - ബിന്ദു രാജ് ബി |
| സീനിയർ സൂപ്രണ്ട് | - ദിലീപ് കുമാർ കെ |
| ജീവനക്കാർ | - 22 |

# ലക്ഷ്യങ്ങൾ

ഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ കാതലായ മാറ്റവും ഉയർച്ചയുമുണ്ടാക്കുന്നതിന് ഉതകുന്ന അക്കാദമിക പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. താഴെ പറയുന്ന പഠന ലക്ഷ്യങ്ങളാണ് ഉദ്ദേശി ക്കുന്നത്.

1. എല്ലാ വിദ്യാർത്ഥികളും പൂർണ്ണമായും അക്ഷരജ്ഞാനം നേടിയിരിക്കണം. ഈ ലക്ഷ്യത്തിനുതകുന്ന പ്രവർത്തനങ്ങൾ ഭാഷാക്ലാസ്സുകളിൽ നടപ്പിലാക്കൽ. ഭാഷാവിനിമയവും സർഗ്ഗാത്മക രചനയും കുട്ടികളിൽ വളർത്തുന്നതിന് ഭാഷാ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

2. നിരീക്ഷണ പരീക്ഷണ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കി പ്രായോഗിക ജീവിതത്തിൽ സാധ്യമാക്കുന്നതിനുള്ളപഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

3. ഗണിത പഠനത്തില് പ്രധാനമായ ചതുഷ്ക്രിയകൾ, ജ്യാമിതീയ പ്രശ്നങ്ങൾ എന്നിവയിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുനന്തിനാവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, ഗണിതത്തിലെ അമൂർത്താശയങ്ങൾ ഗണിതലാബിന്റെയും ഐ.സി.ടി.യുടേയും സഹായത്തോടെ മാതൃകകൾ നിർമ്മിച്ച് പരിഹരിക്കുന്ന പഠന പ്രവർത്തനങ്ങൾ നടത്തൽ.

4. പ്രാദേശിക ചരിത്രബോധം ഉണ്ടാക്കുന്നതിന് കുട്ടികൾക്ക് പ്രായോഗിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, സാമൂഹ്യ ശാസ്ത്ര ബോധത്തിലൂടെ രാഷ്ട്ര സ്നേഹവും ചരിത്രബോധവും കുട്ടികളിൽ ഉണ്ടാക്കുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ. ഗോത്രസംസ്കൃതി അറിയുന്നതിനുതകുന്ന ഗോത്രക്ലാസ്സ് അടക്കമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

5. ഗോത്രകലകൾ പരിശീലിപ്പിച്ച് കുട്ടികൾക്ക് പൊതുവേദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമുണ്ടാക്കുക. ഓർഗൺ, ചെണ്ട, ഗോത്രവാദ്യങ്ങൾ എന്നിവയിൽ പരിശീലനം കൊടുകക്കൽ നൃത്തം, സംഗീതം, ചിത്രകല എന്നിവയിൽ പ്രത്യേക പരിശീലനം നൽകൽ. കുട്ടികൾക്ക് ചിത്രകലയിൽ താത്പര്യമുണ്ടാക്കുന്നതിനും, സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും

സ്റ്റുഡൻസ് ആർട്ട് ഗ്യാലറി സ്ഥാപിക്കൽ, കലോത്സവം, സർഗ്ഗോത്സവം എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പരിശീലന പ്രവർത്തനങ്ങൾ.

6. വിദ്യാർത്ഥികളിൽ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് Comprehensive physical fitness program നടപ്പിലാക്കൽ, പെൺകുട്ടികൾക്ക് ക്രിക്കറ്റ് ടീം രൂപീകരിക്കൽ, കായികമേളകൾ, കളികളും എന്നിവയിൽ കുട്ടികൾക്ക് വിജയിക്കുന്നതിനാവശ്യമായ പരിശീലനപരിപാടികൾ നടപ്പിലാക്കൽ.

7. എൽ.എസ്.എസ്, യു.എസ്.എസ്. എൻ.ടി.എസ് എന്നിവയിൽ വിജയിക്കാനാവശ്യമായ പരിശീലനം നൽകൽ. മത്സരപരീക്ഷകൾ

8. സുഗമ പരീക്ഷയിൽ വിജയിക്കുന്നതിനാവശ്യമായ പരിശീലനം ഹിന്ദി ക്ലാസ്സുകളിൽ നടത്തൽ. ഹിന്ദി ഉത്സവ് പോലെയുള്ള മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ.

9. ജില്ലാതല ഇംഗ്ലീഷ് സ്കിറ്റ് മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ.

10. ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ മേളകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ.

11. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ശില്പശാലകളിൽ പങ്കെടുത്ത് ഉയർന്ന ഗ്രേഡ് നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ.

12. കുട്ടികളുടെ രചനകൾ പ്രസാധനം ചെയ്യുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ.

13. വായനാശീലം വളർത്തുന്നതിന് കുട്ടികൾക്ക് വായനക്കളരി, ലൈബ്രറി ശാക്തീകരണം

14. എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പഠന യാത്രകൾ, ഫീൽഡ് ട്രിപ്പുകൾ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | രാജീവ് ഗാന്ധി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നൂൽപ്പുഴ |
| വിലാസം | : | നൂൽപ്പുഴ പി.ഒ, കല്ലൂർ<br>സുൽത്താൻ ബത്തേരി, വയനാട് |
| ഫോൺ | : | 04936270140 |
| 2. സ്കൂൾ കോഡ് | : | 15063(എച്ച്.എസ്), 12042(എച്ച്.എസ്.എസ്) |
| 3. വിദ്യാഭ്യാസ ഉപജില്ല | : | സുൽത്താൻ ബത്തേരി |
| 4. വിദ്യാഭ്യാസ ജില്ല | : | വയനാട് |
| 5. റവന്യൂ ജില്ല | : | വയനാട് |
| 6. ബി.ആർ.സി | : | സുൽത്താൻ ബത്തേരി |
| 7. സി.ആർ.സി | : | മാതമംഗലം |
| 8. ഗ്രാമപഞ്ചായത്ത് | : | നൂൽപ്പുഴ (വാർഡ് 11) |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | സുൽത്താൻ ബത്തേരി ബ്ലോക്ക് ഡിവിഷൻ |
| 10. ജില്ലാ പഞ്ചായത്ത് | : | വയനാട്, ചീരാൽ ഡിവിഷൻ |
| 11. നിയമസഭാമണ്ഡലം | : | സുൽത്താൻ ബത്തേരി |
| 12. ലോകസഭാമണ്ഡലം | : | ഏറനാട് ഡിവിഷൻ |
| 13. താലൂക്ക് | : | സുൽത്താൻ ബത്തേരി |
| 14. വില്ലേജ് | : | നൂൽപ്പുഴ |
| 15. ഇ-മെയിൽ | : | hs.rgmrhs@gmail.com,<br>hss.rgmrhss@gmail.com |
| 16. വെബ്സൈറ്റ് | : | |
| 17. സ്കൂൾ വിക്കി | : | |

# മലയാളം

| മേഖല: യു.പി, ഹൈസ്കൂൾ മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ അടിസ്ഥാന ശേഷികൾ ലഭ്യമാക്കുക. | ● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാക്യങ്ങൾ നിർമ്മിക്കൽ<br>● ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും ICT ഉപയോഗിച്ചും ഭാഷയെ മനസിലാക്കൽ | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |
| വായനാശീലം വളർത്തുന്നതിനും വായനയുടെ പ്രാധാന്യത്തെക്കുറിച്ച് മനസിലാക്കുന്നതിനും | ● വായനാദിനാചരണം<br>● ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടൽ<br>● ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>● വായനാക്കുറിപ്പ് തയ്യാറാക്കൽ<br>● പുസ്തക ചർച്ച<br>● ആനുകാലിക പ്രസിദ്ധീകരണ | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ്.ടി. ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| | ങ്ങളും വായനയും | | | |
| സർഗാത്മക രചനകൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും | കഥ, കവിത, ലേഖനം,ആസ്വാദനം എന്നിവ രചിക്കുന്നതിന് അവസരം നൽകുക<br>● സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>● സർഗസൃഷ്ടി പതിപ്പുകളാക്കുക | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ്.ടി. ഡിപ്പാർട്ട്മെന്റ് |
| ദിനാചരണങ്ങൾ | ● പ്രധാന സാഹിത്യകാരന്മാരുടെ ജന്മദിനമോ ചരമദിനമോ സ്മരിക്കൽ<br>● അവരുടെ കൃതികൾ പരിചയപ്പെടൽ<br>● ജീവചരിത്രക്കുറിപ്പ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പതിക്കൽ | അതാതു ദിവസം | മലയാളം അധ്യാപകർ | എസ്.ടി. ഡിപ്പാർട്ട്മെന്റ് |
| സ്കൂൾ ലൈബ്രറി കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ | ● അധികവായനയ്ക്ക് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി വായനാഭിരുചി പരിപോഷിപ്പിക്കുക | അക്കാദമിക വർഷം | മലയാളം അധ്യാപകർ | എസ്.ടി. ഡിപ്പാർട്ട്മെന്റ് |

# ENGLISH

| മേഖല : യുപി, ഹൈസ്കൂൾ ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം, ഭാഷയെ കുറിച്ചുള്ള അറിവ് എന്നിവ വർധിപ്പിക്കുക | ● കേൾവിയിലൂടെ ഇംഗ്ലീഷ് ഭാഷ ഉപയോഗം വർധിപ്പിക്കാനുള്ള ചർച്ചകൾ<br>● ഇംഗ്ലീഷ് സംസാരിച്ച് പഠിക്കാനായി വ്യത്യസ്ത വിഷയങ്ങൾ നൽകുക<br>● ഇംഗ്ലീഷ് ക്ലബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷം<br><br>2025-26 | ഇംഗ്ലീഷ് അധ്യാപകർ | ST ഡിപ്പാർട്മെന്റ് |
| വായനയും എഴുത്തും പരിപോഷിപ്പിക്കുക | ● വായന മത്സരങ്ങൾ<br>● പദ സമ്പത്ത് വർധിപ്പിക്കുക<br>● കേട്ടെഴുത്ത്<br>● പദങ്ങൾ പരിചയപ്പെടുത്തൽ | അക്കാദമിക വർഷം<br><br>2025-26 | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് ക്ലബ് | ST ഡിപ്പാർട്മെന്റ് |
| ഭാഷയുടെ സമഗ്ര വികസനം | ● സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>● കയ്യെഴുത്ത് മാസിക<br>● ഇംഗ്ലീഷ് സ്കിറ്റ് | അക്കാദമിക വർഷം<br><br>2025-26 | ഇംഗ്ലീഷ് അധ്യാപകർ | ST ഡിപ്പാർട്മെന്റ് |

# HINDI

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാംതരം**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

**ഒമ്പതാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| നാമം, സർവ്വനമാം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>നവംബർ - ഡിസംബർ |

**പത്താം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷസമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിൻമേൽ | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.എല്ലാ | ദീർഘം<br>നവംബർ<br>ജനുവരി |

| | | |
|---|---|---|
| കുറിപ്പ് തയ്യാറാക്കുവനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | |

**ഹിന്ദി യു. പി വിഭാഗം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ● **5,6,7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ |
| ● **ഹിന്ദി വായന** : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ |
| ● **ഹിന്ദി സംസാരം** : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസ്സിൽ കൊണ്ടുവരും. വായനയ്ക്ക് | ജൂൺ മുതൽ ഫെബ്രുവരി വരെ |

# SOCIAL SCIENCE

| മേഖല:യു.പി.ഹൈസ്കൂൾ സോഷ്യൽസയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| • ചരിത്ര, സാംസ്കാരിക പ്രാധാന്യമുള്ള ദേശീയ അന്തർ ദേശീയ ദിനാചരണങ്ങൾ | • ലോക ബാലവേല വിരുദ്ധ ദിനം<br>• യോഗ ദിനം<br>• അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം<br>• ജനസംഖ്യാ ദിനം<br>• ചാന്ദ്രദിനം<br>• ഹിരോഷിമ, നാഗസാക്കി ദിനം<br>• ക്വിറ്റ് ഇന്ത്യാദിനം<br>• കർഷക ദിനം<br>• സ്വാതന്ത്ര്യ ദിനം<br>• അധ്യാപക ദിനം<br>• ഓസോൺ ദിനം<br>• ഗാന്ധിജയന്തി<br>• യു എൻ ദിനം<br>• കേരളപ്പിറവി<br>• ശിശുദിനം<br>• ഭരണഘടനാ ദിനം<br>• എയ്ഡ്സ് ദിനം<br>• മനുഷ്യാവകാശ ദിനം<br>• യുവജന ദിനം<br>• റിപ്പബ്ലിക് ദിനം<br>• രക്തസാക്ഷി ദിനം | അതാത് ദിവസം | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലാസ് അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |
| സാമൂഹ്യ ശാസ്ത്രബോധന | • വിവിധ പ്രവർത്തനങ്ങളിൽ | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| ത്തിന് ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം | ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക<br>● ലഘു ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ കുട്ടികൾ തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | | | |
| പഠനപ്രക്രിയയിൽ അറിവ് നിർമ്മാണത്തിന് പ്രാധാന്യം നിൽക്കുക | ● ചർച്ച<br>● ആസൂത്രണം<br>● വിവരശേഖരണം<br>● വിവര വിശകലനം<br>● ഇന്റർവ്യൂ<br>● ട്രിപ്പ് | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |
| വിവിധ മാതൃകകളുടെ നിർമ്മാണം നിർമ്മാണം, ഉപയോഗം.<br><br>ഉപകരണങ്ങൾ അറിവ് നിർമാണത്തിന ായി പ്രയോജനപ്പെടുത്തൽ | ● പഠന പ്രവർത്തനങ്ങൾക്കായുള്ള മാതൃകകളുടെ നിർമാണത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.<br>● ഭൂപടങ്ങൾ, ഗ്ലോബുകൾ etc. ഉപയോഗിക്കുക | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |
| സാമൂഹ്യശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ● ചരിത്ര സംഭവങ്ങൾ, വ്യക്തികൾ, ഭൂപ്രദേശങ്ങൾ ആനുകാലിക സംഭവങ്ങൾ | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| | തുടങ്ങിയ അറിവുകളുടെ സമാഹരണം.<br>● ചിത്രശേഖരണം<br>● ക്വിസ്<br>● കൊളാഷ് നിർമ്മാണം<br>● പോസ്റ്റർ നിർമ്മാണം | | | |
| സാമൂഹ്യശാസ്ത്ര മേള | ● വർക്കിംഗ് മോഡൽ<br>● സ്റ്റിൽ മോഡൽ<br>● സാമൂഹ്യശാസ്ത്ര പതിപ്പ്<br>● പഴയകാല നാണയങ്ങൾ, സ്റ്റാമ്പുകൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ ശേഖരണം മുതലായവ ഉൾക്കൊള്ളിച്ചുള്ള പ്രദർശനം | 1st Term | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലാസ് അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |
| രാഷ്ട്രീയ, സാമ്പത്തിക ശാസ്ത്ര, ഭൂമിശാസ്ത്രം രംഗത്തെരംഗ ത്തെ ആനുകാലിക അറിവുകൾ സ്വായത്തമാക്ക ൽ / പരിചയപ്പെടൽ | ● നോട്ടീസ് ബോർഡ്<br>● സമകാലിക സാമൂഹ്യശാസ്ത്ര അറിവുകൾ പ്രദർശിപ്പിക്കൽ<br>● അനുബന്ധ ചോദ്യങ്ങൾ<br>● വിജയികളെ കണ്ടെത്തൽ<br>● സമ്മാനം<br>● ചർച്ച കുറിപ്പ് തയ്യാറാക്കൽ<br>● ക്വിസ് മത്സരം | അക്കാദമി ക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ, ക്ലാസ് അധ്യാപകർ | എസ്. ടി. ഡിപ്പാർട്ട്മെന്റ് |

# SCIENCE

| മേഖല: യു.പി,ഹൈസ്കൂൾ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്ര ദിനാചരണങ്ങൾ | ● പരിസ്ഥിതി ദിനം<br>● ചാന്ദ്രദിനം<br>● ഓസോൺ ദിനം<br>● എയ്ഡ്സ് ദിനാചരണം<br>● ലോക ജലദിനം<br>● ശാസ്ത്ര ദിനം | അതതു ദിവസം | ശാസ്ത്ര അധ്യാപകർ, സയൻസ് കൺവീനർ | എസ് ടി ഡിപ്പാർട്ട്മെന്റ് |
| ശാസ്ത്ര വിസ്മയം | | | | |
| ശാസ്ത്രബോധനത്തിൽ പരീക്ഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം | ● പരീക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക<br>● ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ ആസൂത്രണം ചെയ്യു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| | നടപ്പിലാക്കുക | | | |
| ഒന്നിച്ച് നിർമ്മിക്കാം<br><br>പഠനപ്രക്രിയയിൽ അറിവ് നിർമ്മാണത്തിന് പ്രാധാന്യം നൽകുക | ● പരീക്ഷണം<br>● നിരീക്ഷണം<br>● ചർച്ച<br>● ഇന്റർവ്യൂ<br>● ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് |
| ശാസ്ത്ര മാസിക,ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ● ശാസ്ത്ര അറിവുകളുടെ സമാഹരണം<br>● ചിത്രശേഖരണം<br>● ക്വിസ്<br>● പസിൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് |
| ശാസ്ത്രമേള | ● ലഘുപരീക്ഷണങ്ങൾ<br>● വർക്കിംഗ് മോഡൽ<br>● സ്റ്റിൽ മോഡൽ<br>● ശാസ്ത്രപതിപ്പ് മുതലായവ ഉൾക്കൊള്ളിച്ചുള്ള ശാസ്ത്ര പ്രദർശനം<br>● നോട്ടീസ് | 1 st term | ക്ലാസ് അധ്യാപകർ ശാസ്ത്ര അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് (5000) |

RAJEEV GANDHI MEMORIAL MODEL RESIDENTIAL HIGHER SECONDARY SCHOOL
RGMMRHSS

| | | | | |
|---|---|---|---|---|
| | ബോർഡ് | | | |
| ശാസ്ത്രലോകത്തെ ആനുകാലിക അറിവുകൾ സ്വായത്തമാകൽ /പരിചയപ്പെടൽ | ● സമകാലിക ശാസ്ത്ര അറിവുകൾ പ്രദർശിപ്പിക്കൽ<br>● അനുബന്ധ ചോദ്യങ്ങൾ<br>● വിജയികളെ കണ്ടെത്തൽ സമ്മാനം<br>● ചർച്ച കുറിപ്പ് തയ്യാറാക്കൽ<br>● ക്വിസ് മത്സരം | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ ശാസ്ത്ര അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് |
| **നമ്മളും ഹൈടെക്** | ● വീഡിയോ തയ്യാറാക്കൽ<br>● ഇന്റർനെറ്റ് ഉപയോഗം<br>● പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കൽ<br>● എജ്യൂക്കേഷണൽ സോഫ്റ്റ്‌വെയർ പരിചയപ്പെടൽ (kalzium, PhET,) | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ ശാസ്ത്ര അധ്യാപകർ | |

# MATHEMATICS

**മേഖല : യു .പി ,ഹൈസ്കൂൾ ഗണിതം**

| NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കംനിൽക്കുന്ന കുട്ടികൾ | എസ്സി ഡിപ്പാർട്ടമെന്റ് |
| 2 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം, പരിഹാര ബോധനം, ലാബ് പ്രവർത്തനങ്ങൾ | ജൂൺ - ഫെബ്രുവരി | അധ്യാപകർ | എസ്സി ഡിപ്പാർട്ടമെന്റ് |
| 3 | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിതകളികളിലൂടെയും മത്സരപരീക്ഷ, ഗണിത വർക്ക്ഷീറ്റ് തുടങ്ങിയവയുടെയും സഹായത്താൽ | അക്കാദമിക വർഷം ,തുടർ പ്രവർത്തനം | അധ്യാപകർ | എസ്സി ഡിപ്പാർട്ടമെന്റ് |
| 4 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജാമിതീയപെട്ടിയുടെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ | എസ്സി ഡിപ്പാർട്ടമെന്റ് |
| 5 | ഗണിത ആശയങ്ങളിൽ നിന്ന് | ക്ലബ്പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ടേമിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ് | എസ്സി ഡിപ്പാർട്ടമെന്റ് |

| | | | | | |
|---|---|---|---|---|---|
| | ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ ,അളവുകൾ മുതലായവ പരിചയപ്പെടൽ | | | | |
| 6 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്വിസ്,ജ്യോമെടിക്ക്ചാർട്ട്,ഗണിതപൂക്കളം,ഗണിതചാർട്ട്,ഗണിതം നിത്യജീവിതത്തിൽ,കുസൃതികണക്കുകൾ ശേഖരണം | മാസത്തിൽ ഒന്ന് | അധ്യാപകർ, കുട്ടികൾ | എസ്റ്റി ഡിപ്പാർട്ടമെന്റ് |
| 7 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ | എസ്റ്റി ഡിപ്പാർട്ടമെന്റ് |
| 8 | ബീജഗണിതം ആസ്വാദ്യകരമാക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ | എസ്റ്റി ഡിപ്പാർട്ടമെന്റ് |
| 9 | ഗണിതം മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക്പ്രാപ്തരാക്കൽ | ടേമിൽ ഒന്ന് | അധ്യാപകർ, ക്ലബ്ബ്സെക്രട്ടറി | എസ്റ്റി ഡിപ്പാർട്ടമെന്റ് |

| | | | | | |
|---|---|---|---|---|---|
| 10 | പ്രശ്നനിർദ്ധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത്പരിശീലിപ്പിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ, | എസ്സ്ടി ഡിപ്പാർട്ടമെന്റ് |
| 11 | ഐസിടി സാധ്യതയിലൂടെയുള്ളഗണിതപഠനം | സമഗ്ര റിസോഴ്സ് ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിതപഠനം | ജൂൺ - ഫെബ്രുവരി | അധ്യാപകർ, | എസ്സ്ടി ഡിപ്പാർട്ടമെന്റ് |

RAJEEV GANDHI MEMORIAL MODEL RESIDENTIAL HIGHER SECONDARY SCHOOL
RGMMRHSS


# ആരോഗ്യ കായിക വിദ്യാഭ്യാസം

| | | |
|---|---|---|
| വിഷയ കൺവീനറുടെ പേര് | | അബ്ദു റഹിമാൻ പി.എം |
| ആരോഗ്യ കായിക വിദ്യാഭ്യാസം | പ്രവർത്തനം - 1 | **കായികക്ഷമതയിലൂടെ നല്ലപാഠങ്ങൾ പഠിക്കാം..** |
| | ലക്ഷ്യങ്ങൾ | ➢ *വിദ്യാലയത്തിലെ എല്ലാ കുട്ടികളുടെയും കായികക്ഷമത ഉറപ്പാക്കുക.*<br>➢ *കായികക്ഷമതയിലൂടെ ശാരീരിക വളർച്ച, മാനസിക വികാസം, വ്യക്തി ശുചിത്വം, ആരോഗ്യ ശീലങ്ങൾ, പരസ്പര സഹകരണം, ലഹരിക്കെതിരെയുള്ള പ്രതിരോധം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് ബോധവത്കരണം നൽകുക.* |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമാഗ്രികൾ | നിർവഹണ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **കായിക ക്ഷമതയിലൂടെ നല്ലപാഠങ്ങൾ...**<br> | ➢ പ്രീ ടെസ്റ്റ് വിശകലനം.<br>➢ കായികക്ഷമത കൈവരിക്കാനുള്ള വ്യായാമങ്ങൾ, ഇവയുടെ ഗുണങ്ങൾ പരിചയപ്പെടുത്തുന്നു.<br>➢ കളിസ്ഥലവും, കളിയുപകരണങ്ങളുടെ സംരക്ഷണം ഇവ സംരക്ഷികേണ്ട ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു.<br>➢ കായികക്ഷമ, വ്യക്തി ശുചിത്വം, ആരോഗ്യ ശീലങ്ങൾ, ശാരീരിക മാനസിക വികാസം, ലഹരിക്കെതിരെയുള്ള പ്രതിരോധം, പരസ്പര സഹകരണം എന്നിവയെ കുറിച്ച് ചർച്ചകൾ നടത്തുന്നു.<br>➢ വ്യക്തിഗത അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു.<br>➢ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഡിബേറ്റ് സെമിനാർ തുടങ്ങി വൈവിധ്യ | ജൂൺ - ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG PTA | 10000 |

| | | | | | | |
|---|---|---|---|---|---|---|
| | പൂർണവും ആകർഷകവുമായ രീതിയിൽ അവതരിപ്പിക്കുന്നു. | | | | | |

| | | |
|---|---|---|
| **വിഷയ കൺവീനറുടെ പേര്** | | അബ്ദു റഹിമാൻ പി.എം |
| **ആരോഗ്യ കായിക വിദ്യാഭ്യാസം** | **പ്രവർത്തനം - 2** | **ശരീരനുപാതം (BMI- ബോഡി മാസ് ഇൻഡക്സ് )** |
| | **ലക്ഷ്യങ്ങൾ** | ➢ *വിദ്യാലയത്തിലെ എല്ലാ കുട്ടികളുടെയും ശരീര ഭാരം ഉയരത്തിന് അനുപാതമാണോ എന്ന് തിരിച്ചറിയുന്നു.* |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമാഗ്രികൾ | നിർവഹണ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **BMI ശരീരനുപാതം (ബോഡി മാസ് ഇൻഡക്സ് )**   | ശരീര ഭാരം നമ്മുടെ ഉയരത്തിന് അനുപാതമാണോ എന്ന് തിരിച്ചറിയാനുള്ള ഒരു മാർഗമാണ് **BMI**<br>➢ കുട്ടികളുടെ ഉയരം, ഭാരം, പ്രായം എന്നിവ കണ്ടെത്തുന്നു.<br>➢ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് അവരുടെ BMI കണ്ടെത്തുന്നു.<br>➢ കണ്ടെത്തിയ റിസൾട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.<br>➢ ആരോഗ്യകരമായ ജീവിതശൈലി നയിക്കാൻ പ്രേരിപ്പിക്കുക. | ജൂൺ നവംബർ | സ്റ്റഡിയോമീറ്റർ<br>Body Weight Machine | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG PTA | 3000 |

| | | |
|---|---|---|
| **വിഷയ കൺവീനറുടെ പേര്** | | അബ്ദു റഹിമാൻ പി.എം |
| **ആരോഗ്യ** | **പ്രവർത്തനം - 3** | **സ്കൂൾ കായിക മേളകൾ** |

| | | |
|---|---|---|
| **കായിക വിദ്യാഭ്യാസ ം** | **ലക്ഷ്യങ്ങൾ** | ➢ *കായിക മേളകളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ*<br>➢ *സ്കൂൾ തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.* |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമാഗ്രികൾ | നിർവഹണ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **സ്കൂൾ കായിക മേളകൾ**<br> | ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, അത്ലറ്റിക്സ് എന്നീ കളികളിൽ കുട്ടികൾ പങ്കെടുക്കുന്നതിനും അവരുടെ കഴുവുകൾ പ്രദർശിപ്പിക്കുന്നതിനും അവസരങ്ങൾ നൽകി അനുയോജ്യമായ വ്യായാമങ്ങളും പിന്തുണയും നൽകുക.<br>➢ കുട്ടികളെ പ്രായത്തിനനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു.<br>➢ വിവിധ കായിക വിനോദങ്ങളെ പരിചയപ്പെടുത്തുകയും അവയിൽ അടിസ്ഥാനപരമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക.<br>➢ കുട്ടികൾക്ക് അനുയോജ്യമായ കായിക ഇനങ്ങൾ കണ്ടെത്തുകയും അതിനു വേണ്ട പരിശീലനം നടത്തുകയും ചെയുന്നു.<br>➢ കായികപരമായ കഴിവുകൾ മെച്ചപ്പെടുത്തുക<br>➢ മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്നു.<br>➢ പഠിച്ച കായിക വിനോദങ്ങളിൽ സ്കൂൾ തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക. | ജൂൺ - ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | SRG PTA | 50,000 |

RAJEEV GANDHI MEMORIAL MODEL RESIDENTIAL HIGHER SECONDARY SCHOOL
RGMMRHSS

# സംഗീതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ദിനാചരണങ്ങൾ | പരിസ്ഥിതി ദിനം<br>ലോക സംഗീത ദിനം | ജൂൺ 5<br>ജൂൺ 21 | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |
| | സ്വാതന്ത്ര്യദിനം<br>ഓണോഘോഷം | ഓഗസ്റ്റ് 15<br>ഓഗസ്റ്റ് 29 | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |
| | ഗാന്ധി ജയന്തി | ഒക്ടോബർ 2 | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |
| | കേരളപ്പിറവി ദിനം<br>ശിശുദിനം | നവംബർ 1<br>നവംബർ 14 | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |
| | ക്രിസ്തുമസ് ആഘോഷം | ഡിസംബർ | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |
| | റിപ്പബ്ലിക ദിനം | ജനുവരി 26 | സംഗീത അധ്യാപിക | എസ് ടി വകുപ്പ് |

| | |
|---|---|
| 2.<br>സംഗീതം | ● സംഗീത ക്ലബ്ബ് രൂപീകരണം<br>● സ്കൂൾ ക ലോ ത്സവത്തിന് ആവശ്യമായ പരിശീലനം നൽകൽ<br>● പിന്നണി സംഗീതം ഉൾപ്പെട്ട ഗോനശില്പശോ<br>● നോടൻ പോട്ട് അവതരണം<br>● സംഘ ഗാന പരിശീനം നൽകൽ<br>● വിവിധ സംഗീത ഉപകരണങ്ങളിലെ ശില്പശാലകൾ |
| 3.<br>ചിത്രരചന | ● ചിത്രശില്പ ടീമിന്റെ രൂപീകരണം<br>● ചിത്രരചന ശില്പശാലകൾ<br>● ചിത്രരചനാ മത്സരങ്ങൾ<br>● പ്രശസ്ത ചിത്രകാരന്മാരുടെ ചിത്രപ്രദർശനം<br>● വിദ്യാർത്ഥികളുടെ ചിത്രങ്ങൾ അടങ്ങിയ art gallery |
| 4.<br>നൃത്തം | ● ശില്പശാലകൾ (ശാസ്ത്രീയ, നാടൻ നൃത്തങ്ങൾ)<br>● നാടോടി നൃത്ത അവതരണം<br>● കവിതയുടെ നൃത്താവിഷ്കാരം |

| | |
|---|---|
| 5.<br>നാടകം,<br>സിനിമ | ● പാഠപുസ്തക കഥകളുടെ നാടകരൂപം<br>● അഭിനയ പരിശീലന ക്യാമ്പുകൾ<br>● ഏകാംഗ നാടകങ്ങൾ, സ്കിറ്റ്<br>● പ്രശസ്ത നാടകാചാര്യരുടെ നാടകദർശനം<br>● ഷോർട്ട് ഫിലിം നിർമ്മാണം<br>● ഫിലിം ക്ലബ് രൂപീകരണം |
| 6.<br>സാമൂഹിക<br>സംഗീതം | Flashmob, സംഘഗാനം എന്നിവ ലഹരി വിരുദ്ധ സന്ദേശങ്ങൾ നല്കി ജനകീയ<br><br>പരിപാടികളിൽ അവതരിപ്പിക്കൽ. |

RAJEEV GANDHI MEMORIAL MODEL RESIDENTIAL HIGHER SECONDARY SCHOOL
RGMMRHSS

# LP വിഭാഗം-മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | ST ഡിപ്പാർട്ട്മെന്റ് |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യാന വർഷം മുഴുവൻ | സി പി ടി എ | |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കാൻ | ജൂൺ | അധ്യാപകർ | |
| | **അമ്മ വായന**<br>അമ്മമാരുടെ വായനക്കുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്ന | അധ്യാന വർഷം മുഴുവൻ | സി പി ടി എ | |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ-ജൂലൈ | അധ്യാപകർ | |
| **ലേഖനം**<br>വിവിധ വഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുള്ള ശേഷി വികസിപ്പിക്കുക<br>അക്ഷരം തെറ്റ കൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ<br>വിവിധ വിഭാഗ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനങ്ങൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ഓഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ഓഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ<br>ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപകദിനം<br>പഴയകാല | ജൂൺ<br><br><br><br>ജൂൺ<br><br><br>ജൂൺ<br><br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ | അധ്യാപകർ | ST ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| | അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരന് ഒരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി | വർഷം മുഴുവൻ | അധ്യാപകർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്ന് രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | ST ഡിപ്പാർട്ട്മെന്റ് |
| | ഈർക്കിലുകൾ കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം ത്രികോണം രക്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപകർ, സി പി ടി എ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യ പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകർ | |
| | കളി നോട്ടുകൾ | ആഗസ്റ്റ് | അധ്യാപകർ | |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ | |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | നിത്യജീവിതമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകർ | |
| ഗുണന വസ്തുതകൾ നേടാൻ | മനഃക്കണക്കുകൾ മഞ്ചാടികളി | ഡിസംബർ-ജനുവരി | അധ്യാപകർ, സി പി ടി എ | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷിയുടെ നേടി | നിത്യജീവമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐസിടിവിഭാഗങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി | അധ്യാപകർ | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ- പ്രകൃതി നടത്തം( പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകർ | എസ് ടി ഡിപ്പാർട്ട്മെന്റ് |
| പ്രകൃതി സംരക്ഷണം | മണ്ണ്,ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക. മഴക്കുഴി നിർമ്മാണം. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ. | ആഗസ്റ്റ്- സെപ്റ്റംബർ | അധ്യാപകർ, കുട്ടികൾ | |
| വ്യക്തി ശുചിത്വം | കൈ കഴുകൽ പരിശീലനം. പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധയിടങ്ങളിൽ പതിക്കൽ. | സെപ്റ്റംബർ- ഒക്ടോബർ | അധ്യാപകർ | |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | PRE-TEST<br><br>Write simple words | June- July | Teacher, Students | ST Department |
| To study, write and read simple words | Circle the word from TB and read | August-September | Teacher, Students | |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water? May I Go to bathroom?<br><br>Hello.<br><br>Hello, everyone.<br><br>Good morning.<br><br>Good morning everyone.<br><br>Good morning class.<br><br>Good Afternoon everyone.<br><br>How are you?<br><br>How are you all?<br><br>How are you today?<br><br>Let me take attendance etc., | Academic Year | Teacher, Students, Parents | |